## മാഹാത്മ്യം

ആദർശ്കുമാർ *



# രുദ്രന്റെ കണ്ണീരുറഞ്ഞ് രുദ്രാക്ഷമായി!



പരമശിവൻ കരഞ്ഞിട്ടുണ്ട്; ഒരേയൊരു പ്രാവശ്യം മാത്രം. വല്ലാത്തൊരു മുഹൂർത്തമായിരുന്നു അത്. കാരണക്കാരനാകട്ടെ, ത്രിപുരൻ എന്ന അസുരനും.

ശിവപ്രീതിക്കായി ഒരിക്കൽ ത്രിപുരൻ തപസ്സു ചെയ്തു. പ്രതിസന്ധികളും പരീക്ഷണങ്ങളും അതിജീവിച്ച ത്രിപുരനു മുന്നിൽ ശിവന് പ്രത്യക്ഷപ്പെടാതിരിക്കാൻ കഴിഞ്ഞില്ല. എന്തു വരം വേണമെന്ന് ശിവൻ ചോദിച്ചപ്പോൾ ത്രിപുരന്റെ മറുപടി ഇങ്ങനെയായിരുന്നു: "അങ്ങൊഴികെ ആർക്കും എന്നെ വധിക്കാൻ കഴിയരുത്!"

ക്ഷിപ്രപ്രസാദിയായ ശിവൻ ത്രിപുരനു വരം നൽകി. ശക്തനായ ത്രിപുരന് പരമശിവന്റെ വരം കൂടി കിട്ടിയപ്പോഴത്തെ സ്ഥിതി പറയണോ? ത്രിപുരൻ ആദ്യം ചെയ്തത് ഇന്ദ്രനെയും കൂട്ടരെയും കീഴടക്കുകയായിരുന്നു.

ദേവന്മാരെല്ലാം ജീവനുംകൊണ്ട് ഓടിയൊളിക്കാൻ തുടങ്ങി. പിന്നെ ഈരേഴു പതിനാലു ലോകവും ത്രിപുരൻ സ്വന്തം അധീനതയിലാക്കി. എങ്ങും പൊറുതിയില്ലാതെയായപ്പോൾ ദേവന്മാർ ഒത്തുകൂടി ഒരു തീരുമാനത്തിലെത്തി- ശിവനെ പോയി കാണാം. ഒന്നുകിൽ ദേവന്മാർ; അല്ലെങ്കിൽ ത്രിപുരൻ. അത് ഭഗവാൻ തന്നെ തീരുമാനിക്കണം!

ദേവന്മാരുടെ പരാതിക്കു മുന്നിൽ ശിവൻ നിശ്ശബ്ദനായി നിന്നു. ത്രിപുരനെ വധിക്കാൻ തീരുമാനിച്ച നിമിഷം ശിവന്റെ കണ്ണുകളിൽ നിന്ന് രണ്ടു തുള്ളി കണ്ണുനീർ അടർന്നു വീണു.

ആ രണ്ടു തുള്ളി കണ്ണുനീരാണ് ഉറഞ്ഞുകൂടി 'രുദ്രാക്ഷ'മായത്! രുദ്രൻ എന്നാൽ ശിവൻ; 'അക്ഷി' കണ്ണും.

### പാപിപോലും സ്വർഗ്ഗത്തേക്ക്

തീർന്നില്ല, രുദ്രാക്ഷത്തിന്റെ മഹത്വകഥ. ദേവീഭാഗവതത്തിന്റെ പതിമൂന്നാം സ്കന്ദത്തിൽ പറഞ്ഞിരിക്കുന്ന കഥ മറ്റൊന്ന്. പണ്ട് കോസല രാജ്യം ഭരിച്ചിരുന്ന രാജാവാണ് സത്യശീലൻ. പ്രജാക്ഷേമതത്പരനായ രാജാവ് രാജ്യഭരണത്തിനിടെ സന്താനങ്ങൾ വേണമെന്നതു പോലും മറന്നു! അക്കാര്യം ഓർത്തപ്പോഴേക്കും അതിനുള്ള പ്രായവും കടന്നുപോയി. ഒടുവിൽ ഗുരുവിന്റെ ഉപദേശപ്രകാരം പുത്രകാമേഷ്ടി യാഗം നടത്തി.

അങ്ങനെ സത്യശീലന് ഒരു പുത്രനെ ലഭിച്ചു. മകന് അദ്ദേഹം ഗുണശീലൻ എന്നു പേരിട്ടു. വല്ലാത്ത പുത്രവാത്സല്യമായിരുന്നു രാജാവിന്. ഗുണശീലന് വിദ്യ അഭ്യസിക്കാൻ പ്രായമായി. മകനെ ഗുരുകുലത്തിൽ വിടാൻ രാജാവിനു പ്രയാസം. താൻ വൃദ്ധനായി; മകൻ പഠനം കഴിഞ്ഞു വരുന്നതിനു മുമ്പ് താൻ മരിച്ചാലോ? മകനെ കൺകുളിർക്കെ കണ്ട് കൊതിതീർന്നിട്ടില്ല.

ഗുരുവിനെയും പത്നിയെയും കൊട്ടാരവളപ്പിൽത്തന്നെ പാർപ്പിക്കാനായിരുന്നു സത്യശീലന്റെ തീരുമാനം. പതിനാലാം വയസ്സിൽ ഗുണശീലൻ സർവ്വവിദ്യകളും വശമാക്കി. പ്രായത്തിൽ കവിഞ്ഞ ശാരീരിക വളർച്ചയുണ്ടായിരുന്ന ഗുണശീലൻ അതിസുന്ദരനുമായിരുന്നു.

പഠനമൊക്കെ പൂർത്തിയാക്കിയപ്പോഴേക്കും ഗുണശീലന് ഗുരുപത്നിയായ മുക്താവലിയോട് വല്ലാത്ത അഭിനിവേശം! ആഗ്രഹം ഗുണശീലൻ മുക്താവലിയോടു പറയുകയും ചെയ്തു.

മുക്താവലി ഗുണശീലനെ ഉപദേശിച്ചു: "ഗുണശീലാ, ഈ ശരീരത്തിന്റെ ഉടമസ്ഥത പിതാവിന്റെ ബീജത്തിനാണ്. ആ ബീജമാകട്ടെ, പിതാവിന്റെ ദാനവും. അപ്പോൾ പിതാവാണ് നമുക്ക് പൂജ്യൻ. പക്ഷെ, ആ ബീജത്തെ ആവാഹിച്ച് നമുക്കു ജന്മം നൽകിയ മാതാവുണ്ടല്ലോ- ആ മാതാവിനാണ് പിതാവിനേക്കാൾ എന്തുകൊണ്ടും പരമപൂജ്യസ്ഥാനം. എങ്കിലും ഇവ:ർ ദാനം തന്ന ഈ ശരീരം നശ്വരമാണല്ലോ. നശിക്കാത്തത് ആത്മാവാണ്. ആത്മാവിനു ജീവൻ നൽകുന്നതാകട്ടെ ഗുരുവും. അങ്ങനെയുള്ള ഗുരുവിന്റെ പത്നിയെത്തന്നെ ആഗ്രഹിച്ചാലോ?"

കാമത്തിനു മുന്നിൽ ഉപദേശങ്ങൾക്ക് എന്തു സ്ഥാനം! ഗുണശീലൻ തന്റെ ഇംഗിതം മുക്താവലിയോട് ആവർത്തിച്ചുകൊണ്ടിരുന്നു. ഗുണശീലനെ പിൻതിരിപ്പിക്കാൻ എളുപ്പമല്ലെന്നു മനസ്സിലായപ്പോൾ മുക്താവലി ഭർത്താവിനെ വിവരം ധരിപ്പിച്ചു.

ഒരു ദിവസം ഗുരു ഗുണശീലനെ കൊട്ടാരത്തിൽ നിന്ന് വളരെ ദൂരേക്കു കൂട്ടിക്കൊണ്ടുപോയി. മറ്റാരുമറിയാതെ കാര്യങ്ങൾ പറഞ്ഞ് ഗുണശീലന്റെ മനസ്സു മാറ്റുകയായിരുന്നു ഗുരുവിന്റെ ലക്ഷ്യം. പക്ഷെ, ഗുരു ജീവിച്ചിരിക്കുമ്പോൾ തന്റെ ആഗ്രഹം നടക്കില്ലെന്നു മനസ്സിലാക്കിയ ഗുണശീലൻ അദ്ദേഹത്തെ വധിക്കുകയും മുക്താവലിയെ സ്വന്തമാക്കുകയും ചെയ്തു!

സംഭവങ്ങളറിഞ്ഞപ്പോൾ മഹാരാജാവ് മകനെ കൊട്ടാരത്തിലേക്കു വിളിപ്പിച്ചു. ശിക്ഷ ഉറപ്പാണെന്നു മനസ്സിലാക്കിയ ഗുണശീലൻ മന്ത്രിയുടെ കയ്യിൽ നിന്നു വാൾ പിടിച്ചുവാങ്ങി അച്ഛനെയും അമ്മയെയും വെട്ടിക്കൊന്നു. പിന്നീട് രാജാവായി സ്വയം അവരോധിക്കുകയും ചെയ്തു.

മദ്യവും മദിരാക്ഷിയുമായി കൂത്താടിനടന്ന ഗുണശീലൻ രാജ്യഭരണം മറന്നു. ഒടുവിൽ ജനങ്ങൾ ഗുണശീലനെ കല്ലെറിഞ്ഞ് രാജ്യത്തുനിന്ന് തുരത്തിയോടിച്ചു.

കാട്ടിൽ അഭയം തേടിയ ഗുണശീലൻ പെരുങ്കള്ളനായിത്തീർന്നു. വ്യാപാരികളെ കൊള്ളയടിച്ചും കൊന്നും നടന്ന ഗുണശീലൻ ഒടുവിൽ ശരീരത്തിൽ വ്രണങ്ങൾ വന്നു മരിക്കുകയായിരുന്നു. നന്മകൾ ചെയ്യുന്നവർ മരിച്ചാൽ ആത്മാവിനെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകാൻ ശിവഗണങ്ങളെത്തമെന്നും, തിന്മ ചെയ്തവരുടെ ആത്മാവിനെ നരകത്തിലെത്തിക്കാൻ യമകിങ്കരന്മാർ വരുമെന്നുമാണ് വിശ്വാസം.

ഗുണശീലന്റെ ആത്മാവിനെ നരകത്തിലേക്കു കൊണ്ടുപോകാൻ യമകിങ്കരന്മാർ വന്നു. തൊട്ടടുത്ത നിമിഷത്തിൽത്തന്നെ ശിവ

(23-ാം പേജിൽ തുടരും)



www.aadarshkumar.com

# മാഹാത്മ്യം

(12-ാം പേജിൽ നിന്ന്)

ഗണങ്ങളുമെത്തി. ഗുണശീലനെ സർഗ്ഗത്തിലേക്കു കൊണ്ടുപോകണോ, അതോ നരകത്തിലേക്ക് അയയ്ക്കണോ എന്ന കാര്യത്തിൽ ഇരുകൂട്ടരും തർക്കമായി.

"പാപങ്ങൾ മാത്രം ചെയ്തിട്ടുള്ള ഇവന്റെ ആത്മാവിനെ എങ്ങനെ സ്വർഗ്ഗത്തേക്കു കൊണ്ടുപോകാൻ കഴിയും?" യമകിങ്കരന്മമർ ചോദിച്ചു.

അപ്പോൾ ശിവഗണത്തിലൊരാൾ പറഞ്ഞു: "നിങ്ങൾ പറഞ്ഞതെല്ലാം ശരിതന്നെ. പക്ഷെ ഇവന്റെ ശരീരത്തിനടിയിൽ നിന്ന് പത്തടി മണ്ണ് മാറ്റിനോക്കുക. അവിടെയൊരു രുദ്രാക്ഷം കാണാം. അതുതന്നെയാണ് ഇവന്റെ എല്ലാ പാപമുക്തിക്കും കാരണം!"

## ശിവന്റെ കണ്ണും സായിപ്പിനു സ്വന്തം!

കഥ എന്തുമാകട്ടെ–പക്ഷെ, രുദ്രാക്ഷത്തിൽ കാര്യമുണ്ട്. രുദ്രാക്ഷം ആത്മീയതയുടെയും പ്രാർത്ഥനയുടെയും മാത്രം പ്രതീകമല്ല; ആരോഗ്യത്തിന്റെ അനേകം രഹസ്യകോഡുകളും അതിൽ അടങ്ങിയിട്ടുണ്ട്. പൂർവ്വികരായ ഋഷിമാർ കണ്ടെത്തിയതാണ് ഈ രുദ്രാക്ഷരഹസ്യം. പക്ഷെ സായിപ്പ് പറഞ്ഞതിനു ശേഷമാണ് നമ്മൾ അതു വിശ്വസിച്ചത് എന്നു മാത്രം. അതുകൊണ്ടാണ് രുദ്രാക്ഷത്തിന്റെ പേറ്റന്റ് അമേരിക്ക കൊണ്ടുപോയതും!

## വിധിപ്രകാരമെങ്കിൽ ബ്രഹ്മചാരികൾമാത്രം

രണ്ടു തരത്തിൽ രുദ്രാക്ഷം ധരിക്കാം. ആത്മീയ ഉണർവ്വിനുവേണ്ടിയും ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും. ആത്മീയമായ ഉന്നതിക്കു വേണ്ടിയാണ് രുദ്രാക്ഷം ധരിക്കുന്നതെങ്കിൽ അത് വിധിപ്രകാരമായിരിക്കണം.

ധരിക്കാൻ പോകുന്ന രുദ്രാക്ഷം ആദ്യം ഏഴു ദിവസം പനിനീരിലിടണം. അടുത്ത ഏഴു ദിവസം നെയ്യിൽ മുക്കിയിടണം. പിന്നെ ഏഴു ദിവസം ഭസ്മത്തിലും ഏഴു ദിവസം പാലിലും. പഞ്ചഭൂതങ്ങളിൽ ശുദ്ധി ചെയ്യുന്നതിന്റെ പ്രതീകം കൂടിയാണിത്. രുദ്രാക്ഷം ധരിക്കുമ്പോൾ പഞ്ചാക്ഷരി മന്ത്രജപം നിർബന്ധമാണ്. മദ്യം, മാംസം, വെളുത്തുള്ളി, മുരിങ്ങക്ക എന്നിവ തികച്ചും വർജ്യം. വിധിപ്രകാരം രുദ്രാക്ഷം ധരിച്ചാൽ ലൈംഗികോദ്ധാരണ ശേഷി നഷ്ടമാകും എന്നാണ് പറയപ്പെടുന്നത്.

## സന്യാസം വേണ്ടാത്തവർക്ക്....

ഔഷധമായും രുദ്രാക്ഷം ധരിക്കാം. ശരീരരക്ഷയ്ക്ക് രുദ്രാക്ഷം ധരിക്കുന്നത് ഉത്തമമാണ്. അത് ബുദ്ധിശക്തി വർദ്ധിപ്പിക്കുകയും രോഗങ്ങളെ അകറ്റുകയും ചെയ്യും. ശരീരത്തിനുള്ളിലെ ദോഷകാരികളായ തരംഗങ്ങളെ രുദ്രാക്ഷം പിടിച്ചെടുക്കുമത്രെ!



അർബുദം പോലുള്ള രോഗങ്ങളിൽ നിന്നും രുദ്രാക്ഷം രക്ഷ നൽകും. രുദ്രാക്ഷം അരച്ച് പാലിൽ ചേർത്തു കഴിച്ചാൽ മാനസിക വിഭ്രാന്തിക്ക് ശമനമുണ്ടാകുമെന്നും വിശ്വസിക്കപ്പെടുന്നു.

## മുഖങ്ങൾ, ദേവതകൾ

ഒന്നു മുതൽ മുപ്പത്തിമൂന്നു മുഖങ്ങൾ വരെയുള്ള രുദ്രാക്ഷമുണ്ടെന്നാണ് പറയപ്പെടുന്നത്. (മുപ്പത്തിമുക്കോടി ദേവന്മാരെ പ്രതിനിധീകരിക്കുന്നതാണ് മുപ്പത്തിമൂന്നു മുഖങ്ങളത്രെ!) ഒന്നു മുതൽ പതിനാലു മുഖം വരെയുള്ള രുദ്രാക്ഷമാണ് സാധാരണം. നെല്ലിക്കയോളം വലുപ്പമുള്ള രുദ്രാക്ഷത്തിനാണ് ഗുണങ്ങൾ ഏറെയുള്ളത്.

രുദ്രാക്ഷമുഖങ്ങളും അവ പ്രതിനിധീകരിക്കുന്ന ദേവസങ്കല്പങ്ങളും ഇങ്ങനെ: ഏകമുഖം ശൈവസങ്കല്പം, ദ്വിമുഖം ഗൗരീശങ്കരൻ, ത്രിമുഖം അഗ്നിദേവത, ചതുർമുഖം ബ്രഹ്മാവ്, പഞ്ചമുഖം നമഃശിവായ പഞ്ചാക്ഷരീമന്ത്ര സങ്കല്പം, ഷൺമുഖം സുബ്രഹ്മണ്യം, സപ്തമുഖം മന്മഥസങ്കല്പം, അഷ്ടമുഖം വിഘ്നേശ്വരൻ, നവമുഖം ഭൈരവസങ്കല്പം, ദശമുഖം വിഷ്ണുദേവത.

ഏകാദശ മുഖം ശൈവധ്യാന സങ്കല്പം, ദ്വാദശ മുഖം അദിത്യദേവത, ത്രയോദശ മുഖം കാമദേവൻ, ചതുർദശ മുഖം ശിവസങ്കല്പം.

## ഒരുനാഗമണിക്കുവേണ്ടി അഞ്ഞൂറുവർഷം!

ഒരു രുദ്രാക്ഷമരത്തിന്റെ ആയുസ്സ് 900 വർഷമാണ്. സാധാരണയായി അഞ്ഞൂറു വർഷം വരെ കായ്കളുണ്ടാവും. അതിനു ശേഷം രുദ്രാക്ഷം കായ്ക്കാറില്ല. പക്ഷെ, നീണ്ട തപസ്സിനു ശേഷം ഒരേയൊരു കായ് ഉണ്ടാകുമത്രെ!

> **രുദ്രാക്ഷം ആത്മീയതയുടെയും പ്രാർത്ഥനയുടെയും മാത്രം പ്രതീകമല്ല; ആരോഗ്യത്തിന്റെ അനേകം രഹസ്യ കോഡുകളും അതിൽ അടങ്ങിയിട്ടുണ്ട്.**

അതാണ് 'ഏകമുഖ നാഗമണി' എന്ന ഏകമുഖ രുദ്രാക്ഷം. ഈ കായ് പ്രപഞ്ചത്തിനു സമ്മാനിക്കുക എന്നതാണ് ഓരോ രുദ്രാക്ഷ മരത്തിന്റെയും ജന്മനിയോഗം!

'ഏകമുഖ നാഗമണി' കാണുന്നതു തന്നെ ജന്മമുക്തി നല്കുമെന്നാണ് വിശ്വാസം. സൃഷ്ടിരഹസ്യം ഈ ചെറിയ രുദ്രാക്ഷക്കായയിൽ ആലേഖനം ചെയ്തിരിക്കുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. പത്തിവിടർത്തി ഇഴഞ്ഞുവരുന്ന ഒരു സർപ്പം. പത്തിക്കിടയിൽ യോനീമുഖത്ത് പ്രതിഷ്ഠിച്ചിരിക്കുന്നതു പോലെ ഒരു ശിവലിംഗം! പ്രപഞ്ചത്തിന്റെ മാത്രമല്ല, അതിലെ ഓരോ അണുവിന്റെയും സൃഷ്ടിരഹസ്യമാണിത്. സൂക്ഷിക്കുക: മനുഷ്യനിർമ്മിതമായ വ്യാജ ഏകമുഖ നാഗമണി സുലഭമാണ്. വാങ്ങുന്നതിനു മുമ്പ് യഥാർത്ഥമാണോ എന്ന് തിരിച്ചറിഞ്ഞിരിക്കണം.

## രോഗനിവാരിണി രുദ്രാക്ഷം

പല രോഗങ്ങളെയും പ്രതിരോധിക്കാനും ശമിപ്പിക്കാനുമുള്ള ദിവ്യശക്തിയുണ്ട് രുദ്രാക്ഷത്തിന് എന്നു വിശ്വസിക്കപ്പെടുന്നു.

ഏകമുഖ രുദ്രാക്ഷം ധരിക്കുന്നത് നേത്രരോഗത്തിനും ദ്വിമുഖ രുദ്രാക്ഷം വിളർച്ചയ്ക്കും പരിഹാരം നല്കും. ത്രിമുഖം ത്വക്‌രോഗികൾക്ക് ഉത്തമം. ചതുർമുഖം ഓർമ്മശക്തി വർദ്ധിപ്പിക്കും. ചെറുചൂടുള്ള പാലിൽ കുറേ സമയം ഇട്ടതിനു ശേഷം ഈ പാൽ കുടിച്ചാൽ മാനസിക വിഭ്രാന്തി കുറയും.

പഞ്ചമുഖം രക്തസമ്മർദ്ദത്തിനും ഹൃദ്രോഗത്തിനും പ്രതിവിധിയായി ധരിക്കാം. ഷൺമുഖം ഹിസ്റ്റീരിയാ രോഗത്തെ ശമിപ്പിക്കും. സപ്തമുഖം ആയുസ്സിന് ദൈർഘ്യം കൂട്ടും. അഷ്ടമുഖം വാതത്തെ ശമിപ്പിക്കും. നവമുഖം മാനസിക പിരിമുറുക്കം കുറയ്ക്കും. ദശമുഖം സർപ്പവിഷഹാരിയാണ്. ഇത് കഫശല്യം കുറയ്ക്കുകയും ചെയ്യും.

ഏകാദശമുഖ രുദ്രാക്ഷം തലവേദനയ്ക്ക് ആശ്വാസം നല്കുമ്പോൾ ദ്വാദശമുഖം ദന്തരോഗത്തിനു ശമനം തരും. ത്രയോദശമുഖ രുദ്രാക്ഷം ധരിക്കുന്നത് രക്തസമ്മർദ്ദത്തിന് പരിഹാരമാർഗമാണ്. ആഗ്രഹനിവൃത്തിക്കും ഈ രുദ്രാക്ഷം ഉത്തമം.

* വാസ്തുവിദ്യ, ജ്യോതിഷം, രേഖാശാസ്ത്രം തുടങ്ങിയവിഷയങ്ങൾകൈകാര്യം ചെയ്യുന്ന ആദർശ്കുമാർ ഇന്ത്യൻ ബഹിരാകാശ ഗവേഷണകേന്ദ്രത്തിലെ എൻജിനീയറാണ്. ആരോഗ്യ രേഖാശാസ്ത്രത്തിൽ ഗവേഷണം നടത്തുന്നു. ഫോൺ: 95471- 2551195.



www.aadarshkumar.com